# മുഹമ്മദ് നബിയും ബഹുദൈവത്വ സങ്കൽപവും

ഒ. അബ്ദുർറഹ്മാൻ

**മുഹമ്മദ്** നബി(സ) പ്രബോധനം ചെയ്ത ഇസ്‌ലാമിന്റെ ആധാരശില ഏകദൈവ വിശ്വാസമാണെന്നത് സുവിദിതമായ വസ്തുതയാണ്. ബഹുദൈവ സങ്കൽപത്തെ, അതിന്റെ എല്ലാവിധ വിശദാംശങ്ങളോടും വ്യാഖ്യാനങ്ങളോടും കൂടി പാടെ നിരാകരിച്ച പ്രവാചകനാണദ്ദേഹം. മാത്രമല്ല, എത്ര കഠിനമായ മഹാപാപവും ആത്മാർഥമായി പശ്ചാത്തപിച്ചാൽ അല്ലാഹു പൊറുക്കുമെന്നും പക്ഷേ ബഹുദൈവത്വം മാപ്പില്ലാത്ത അക്രമമാണെന്നും ഖുർആൻ പഠിപ്പിക്കുന്നു. അപ്പോൾ പിന്നെ മുഹമ്മദ് നബി(സ) വിഗ്രഹധ്വംസകനായിരുന്നു എന്ന പ്രചാരണം എളുപ്പത്തിൽ വിശ്വാസ്യത നേടും. ചരിത്രത്തിൽനിന്ന് ചില ഉദാഹരണങ്ങൾ തെളിവുകളായി ഉദ്ധരിക്കപ്പെടുമ്പോൾ നിഷേധിക്കുക പ്രയാസകരവുമാവും. അതിനാൽ, ബഹുദൈവ സങ്കൽപത്തിനും വിഗ്രഹപൂജക്കും നേരെ പ്രവാചകന്റെ സമീപനം എന്തായിരുന്നുവെന്ന് പരിശോധിക്കേണ്ടത് ആവശ്യമാണ്. ബിംബ പൂജക്കും വിഗ്രഹാരാധനക്കും സഹസ്രാബ്ദങ്ങളുടെ പഴക്കവും 'ശാസ്ത്രീയ'മായ ന്യായീകരണത്തിന്റെ പിൻബലവുമുള്ള ഇന്ത്യൻ സമൂഹത്തിൽ ഈ ചിന്തക്ക് ഏറെ പ്രസക്തിയുണ്ട്.

### അടിസ്ഥാനം ഏകദൈവത്വം

ഏകദൈവ വിശ്വാസത്തിന് ഇസ്‌ലാം എന്തുകൊണ്ട് മൗലികവും അതുല്യവുമായ പ്രാധാന്യം നൽകി എന്ന് കണ്ടെത്തുക അനായാസകരമാണ്. പ്രപഞ്ചത്തെയും അഖില ചരാചരങ്ങളെയും സൃഷ്ടിച്ചവൻ ഒരുവനേയുള്ളൂ. സ്രഷ്ടാവ് ഒരുവൻ മാത്രമാണ് രക്ഷകനും അന്നദാതാവും നിയന്താവും. സൃഷ്ടികർമത്തിലോ സംരക്ഷണത്തിലോ നിയന്ത്രണത്തിലോ മറ്റൊരു സൃഷ്ടിക്കും പങ്കില്ലെങ്കിൽ സ്രഷ്ടാവിനെ കൂടാതെയോ സ്രഷ്ടാവിനോടൊപ്പമോ ഏതെങ്കിലും സൃഷ്ടിയെ അഥവാ ശക്തിയെ ആരാധിക്കുന്നതും വണങ്ങുന്നതും യുക്തിയല്ല, നീതിയല്ല. നേരായ വഴിയല്ല. ഇങ്ങനെ ആരാധിക്കപ്പെടുന്ന 'ദൈവ'ങ്ങളിൽ ആർക്കും ജനങ്ങൾക്ക് പ്രയോജനമോ, ദ്രോഹമോ ചെയ്യാനുള്ള കഴിവില്ല. അവ പ്രാർഥനകേൾക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നില്ല. മനുഷ്യനിർമിത വിഗ്രഹങ്ങളാവട്ടെ എന്തിനെ പ്രതിനിധീകരിക്കുന്നുവെന്ന് സങ്കൽപിക്കപ്പെട്ടാലും ഒരു ഈച്ചയെ പടക്കാൻ പോലും പ്രാപ്തിയുള്ളവയല്ല. അതിനാൽ ബഹുദൈവത്വം സ്വയം അന്ധവിശ്വാസവും മറ്റെല്ലാ അന്ധവിശ്വാസങ്ങളുടെയും നാരായവേരുമാകുന്നു. ഭൂത–പ്രേത പിശാചുക്കൾക്ക് മനുഷ്യനെ ദ്രോഹിക്കാനോ അവന് നാശനഷ്ടങ്ങൾ വരുത്തിവെക്കാനോ കഴിയില്ലെന്നിരിക്കെ അവയിൽ മിക്കതിനും അസ്തിത്വം തന്നെയും ഇല്ലെന്നിരിക്കെ അവയെ സേവിക്കുന്നതും പ്രീതിപ്പെടുത്തുന്നതും മനുഷ്യന്റെ മാന്യത നശിപ്പിച്ചു കളയുന്ന മൂഢത്തമാണ്. അതുപോലെ മനുഷ്യരിൽപെട്ട ഒരുവൻ എത്ര ഉൽകൃഷ്ടനോ മഹാനോ പരിശുദ്ധാത്മാവോ ആണെങ്കിലും അയാൾ മനുഷ്യനല്ലാതാവുന്നില്ല. സദാചാരത്തിന്റെയോ സൽക്കർമത്തിന്റെയോ ശ്രേണികളിലൂടെ കയറിക്കയറി പാരമ്യത്തിൽ ചെന്നെത്തിയാൽ പ്രാപിക്കാൻ കഴിയുന്ന പദവിയല്ല ദിവ്യത്വം. ദൈവം ഒന്നേയുള്ളൂവെങ്കിൽ ആ ദൈവം

തന്റെ സത്തയും സവിശേഷതകളും പലർക്കായി പങ്ക് വെച്ചിട്ടില്ല. തന്മൂലം മനുഷ്യദൈവങ്ങൾ എന്ന സങ്കൽപം അടിസ്ഥാന രഹിതവും അപകടകരവുമാകുന്നു. വ്യാജവാദങ്ങളിലൂടെ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന ആപത്താണ് അതിൽ പതിയിരിക്കുന്നത്; മനുഷ്യൻ തന്നെപ്പോലുള്ള മനുഷ്യന്റെ മുമ്പിൽ തലകുനിക്കുക എന്ന അടിമത്തവും.

മനുഷ്യൻ പ്രകൃത്യാ പാപിയായതുകൊണ്ട് ദൈവത്തിങ്കൽ ഏറ്റവും ഉൽകൃഷ്ടരും പരിശുദ്ധരുമായ മഹാത്മാക്കളുടെ ശിപാർശ കൊണ്ടേ ദൈവത്തിലേക്ക് അടുക്കാൻ കഴിയൂ എന്ന ചിന്തയും പരമാബദ്ധമാണ്. മനുഷ്യൻ സ്വതെ പാപിയായല്ല ജനിക്കുന്നത്, നിർമലമായ പ്രകൃതിയോടെയാണ്. അവന് സാഹചര്യങ്ങളുടെ സമ്മർദമില്ലെങ്കിൽ സത്യം കണ്ടെത്തി നല്ലവനായി ജീവിക്കാനും മരിക്കാനും പ്രയാസമില്ല. അഥവാ മാതാപിതാക്കളോ സമൂഹമോ മനുഷ്യനെ അസത്യത്തിലേക്കും തിന്മകളിലേക്കും വലിച്ചിഴച്ചാലും സന്മാർഗപ്രബോധകരായ പ്രവാചകന്മാരുടെ ബോധവൽക്കരണം അവനെ സത്യത്തിന്റെ പന്ഥാവിലേക്ക് കൊണ്ടുവരാൻ പര്യാപ്തമാണ്. കഴിഞ്ഞകാല ജീവിതം പാപപങ്കിലമാണെന്നത് ഒരാളെയും ദൈവം തിരസ്കരിക്കാൻ കാരണമല്ല. മനുഷ്യന്റെ ദൗർബല്യങ്ങൾ നന്നായറിയുന്ന അല്ലാഹു അവന്റെ നിഷ്കളങ്കമായ പശ്ചാത്താപം സ്വീകരിക്കുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുന്നു. നൂറ് മനുഷ്യാത്മാക്കളെ വധിച്ച കൊലയാളി പോലും അല്ലാഹുവിന്റെ കാരുണ്യത്തിന് അർഹനായിരുന്നിട്ടുണ്ട്. അതിനാൽ അല്ലാഹു കനിയാനും പൊറുക്കാനും സിദ്ധന്മാരുടെയോ പുണ്യവാളന്മാരുടെയോ പുരോഹിതന്മാരുടെയോ മധ്യവർത്തിത്വം ആവശ്യമില്ല.

ഇതാണ് ഇസ്‌ലാമിലെ ഏകദൈവത്വ സിദ്ധാന്തത്തിന്റെ അന്തസത്ത. ഇത് വിഗ്രഹാരാധകരായ അറബികൾക്കിടയിൽ മുഹമ്മദ് നബി(സ) പുതുതായി പരിചയപ്പെടുത്തിയ ഒരാശയമല്ല. സെമിറ്റിക് മതങ്ങൾ പൊതുവെ മൗലികമായി ഏകദൈവ സിദ്ധാന്തത്തിൽ അധിഷ്ഠിതമാണ് എന്നത് മാത്രവുമല്ല സത്യം. മതങ്ങളുടെയും സംസ്കാരങ്ങളുടെയും ചരിത്രം പരിശോധിച്ചാൽ അദൃശ്യവും അഭൗതികവുമായ ഒരു പരാശക്തിയിലുള്ള വിശ്വാസമാണ് തുടക്കം മുതൽക്കേ

**സദാചാരത്തിന്റെയോ സൽക്കർമത്തിന്റെയോ ശ്രേണികളിലൂടെ കയറിക്കയറി പാരമ്യത്തിൽ ചെന്നെത്തിയാൽ പ്രാപിക്കാൻ കഴിയുന്ന പദവിയല്ല ദിവ്യത്വം. ദൈവം ഒന്നേയുള്ളൂവെങ്കിൽ ആ ദൈവം തന്റെ സത്തയും സവിശേഷതകളും പലർക്കായി പങ്ക് വെച്ചിട്ടില്ല. തന്മൂലം മനുഷ്യദൈവങ്ങൾ എന്ന സങ്കൽപം അടിസ്ഥാന രഹിതവും അപകടകരവുമാകുന്നു. വ്യാജവാദങ്ങളിലൂടെ മനുഷ്യൻ മനുഷ്യനെ ചൂഷണം ചെയ്യുക എന്ന ആപത്താണ് അതിൽ പതിയിരിക്കുന്നത്; മനുഷ്യൻ തന്നെപ്പോലുള്ള മനുഷ്യന്റെ മുമ്പിൽ തലകുനിക്കുക എന്ന അടിമത്തവും.**

ഉണ്ടായിരുന്നതെന്ന് കാണാം. ആധുനിക ഗവേഷണങ്ങൾ ഈ യാഥാർഥ്യം അനാവരണം ചെയ്തിട്ടുണ്ട്. വിയന്ന യൂനിവേഴ്സിറ്റിയിലെ പ്രഫസറായിരുന്ന ഡബ്ലിയു. ഷ്മിറ്റ് തന്റെ കൃതിയിൽ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്: 'അതിപുരാതനമായ മാനവസംസ്കാരങ്ങളിലെ പരാശക്തി ഏക ദൈവാദർശത്തിലുള്ള സാക്ഷാൽ ദൈവം തന്നെയായിരുന്നു. അവയുൾക്കൊള്ളുന്ന മതമോ ശുദ്ധമായ ഏകദൈവത്വത്തിലധിഷ്ഠിതമായ മതവും. ഒരുപറ്റം ഗ്രന്ഥകാരന്മാരുടെ സുശക്തമായ എതിർപ്പിനു പാത്രമായ ഒരു വിഷയമാണിത്. ആ എതിർപ്പ് നമുക്കിന്ന് നേരിടാൻ കഴിയും. സാക്ഷാൽ ഏകദൈവ സങ്കൽപത്തിലുള്ള പരാശക്തിയുടെ സ്വഭാവം തന്നെയാണ് അതിപ്രാക്തന ഗോത്ര വർഗങ്ങളിൽ നല്ലൊരു വിഭാഗത്തിന്നുള്ളതെന്ന് ഒരുപരിപ്ലവവീക്ഷണത്തിൽപോലും വ്യക്തമാവുന്നതാണ്. നമുക്കറിയാവുന്ന മിക്ക വാമന ഗോത്രവർഗങ്ങളുടെയും സ്ഥിതി അങ്ങനെയാണ്. അതുപ്രകാരം പുരാതന കിരാത വർഗങ്ങളുടെ വെളിച്ചത്തുവന്ന സ്ഥിതിഗതികളെയും കർണായ്, ജൂലിൻ, തെക്കുകിഴക്കൻ ആസ്ത്രേലിയയിലെ യൂയിൻ എന്നീ വർഗങ്ങളുടെ ചരിത്ര വസ്തുതകളെയും സംബന്ധിച്ച പഠനം ഇതേ നിഗമനത്തിലാണ് നമ്മെ എത്തിക്കുന്നത്. കോര്യാക്സ് അല്ലാത്ത ധ്രുവ സംസ്കാര വർഗങ്ങളുടെ പാരമ്പര്യാവശിഷ്ടങ്ങളും വടക്കനമേരിക്കയിലെ പ്രാചീന വർഗങ്ങളുടെ മത സങ്കൽപങ്ങളെക്കുറിച്ച പഠനവും അവസാനം നമ്മെ ഈ നിഗമനത്തിലെത്തിക്കുന്നു.'

(ദ ഒറിജിൻ ആന്റ് ഗ്രോത്ത് ഓഫ് റിലിജൻ, പുറം 262 ഉദ്ധരണം: മൗലാനാ ആസാദ്, 'തർജുമാനുൽ ഖുർആ'ന്റെ ആമുഖം)

ഇന്ത്യയിൽതന്നെ ആര്യന്മാർക്ക് മുമ്പുള്ള ദസ്യുക്കൾ 'ഓം' എന്നുപേരുള്ള ഏകദൈവത്തെയായിരുന്നു ആരാധിച്ചിരുന്നതെന്നും അവർ വിഗ്രഹാരാധകരായിരുന്നില്ലെന്നും പുരാവസ്തു ഖനനങ്ങളെ ആധാരമാക്കി ചരിത്രകാരന്മാർ ചൂണ്ടിക്കാട്ടുന്നു. വേദങ്ങളിൽ ഏറ്റവും ആധികാരികമായ ഋഗ്വേദം തന്നെയും അടിസ്ഥാനപരമായി ഏകദൈവ സിദ്ധാന്തത്തിൽ ഊന്നുന്നു എന്നാണ് പണ്ഡിതമതം.

### ബഹുദൈവ സങ്കൽപം എങ്ങനെയുണ്ടായി?

ഏകനായ സ്രഷ്ടാവിനെ മാത്രം ആരാധിക്കുകയും വണങ്ങുകയും ചെയ്യുക എന്ന പ്രകൃതിയുക്തമായ വിശ്വാസത്തിൽനിന്ന് മാനവസമൂഹം വ്യതിചലിച്ചതും ബഹുദൈവ സങ്കൽപത്തിലേക്ക് നീങ്ങിയതും എങ്ങനെയാണ്? ഭയം, സ്നേഹം എന്നീ വിരുദ്ധ വികാരങ്ങളുടെ പാരമ്യത സൃഷ്ടിക്കുന്ന ഭക്തിയാണ് അതിന്റെ മൂലകാരണം എന്ന് കാണാം. ഭൂതപ്രേത പിശാചുക്കളിലുള്ള വിശ്വാസവും അവ കോപിക്കുന്നത് മൂലമാണ് നാനാവിധ ആപത്തുകൾ സംഭവിക്കുന്നതെന്ന അബദ്ധധാരണകളും സാങ്കൽപിക മൂർത്തികളെ പ്രതിഷ്ഠിച്ചു അവയെ പ്രീതിപ്പെടുത്താൻ ഒരുവിഭാഗം ജനങ്ങൾക്ക് പ്രേരണയായി. എന്നാൽ ബഹുഭൂരിഭാഗത്തിനും സംഭവിച്ച വ്യതിചലനം സ്നേഹാദരവുകളുടെ അനിയന്ത്രിതാവസ്ഥയിൽ നിന്നുടലെടുത്തതാണ്. പ്രവാചകന്മാർ, മഹാത്മാക്കൾ, പുണ്യപുരുഷന്മാർ, പരമസാത്വികർ തുടങ്ങിയവർ സമൂഹത്തിന്റെ സ്നേഹാദരവുകൾ പിടിച്ചു പറ്റുന്നത് എക്കാലത്തെയും പ്രതിഭാസമാണ്. ഇവരോടുള്ള ആദരവ് ഭക്തിയായും ഭക്തി ആരാധനയായും രൂപപ്പെട്ട് ഒടുവിൽ ദിവ്യത്വസങ്കൽപത്തിൽ കലാശിക്കുന്നു. ദൈവത്തിന്റെ അവതാരം എന്ന സങ്കൽപവും ഇതിന്റെ

ഭാഗമാണ്. ഈ പരിഷ്കൃതയുഗത്തിലും മനുഷ്യരുടെ വ്യക്തി പൂജാപരമായ ദൗർബല്യങ്ങൾക്ക് മാറ്റമുണ്ടായിട്ടില്ല. ജപ്പാൻ ജനത അവരുടെ ചക്രവർത്തിയെ ദൈവത്തിന്റെ പ്രതിപുരുഷനായി ആദരിക്കുന്നു. ഇന്ത്യൻ ജനത രാഷ്ട്രപിതാവായ ഗാന്ധിജിയുടെ പ്രതിമകൾ നിർമിച്ചു കവലകൾ തോറും സ്ഥാപിച്ചു പുഷ്പാർച്ചനയും ഹാരാർപ്പണവും നടത്തുന്നു. നിരീശ്വരവാദികളെന്ന് കരുതപ്പെടുന്ന സോവിയറ്റ് ജനത വി.ഐ ലെനിന്റെ മൃതശരീരം കേടുകൂടാതെ സൂക്ഷിച്ചു ശവകുടീരം പണിതു ഭക്ത്യാദരവുകൾ അർപ്പിക്കുന്നു. നാസ്തിക മതമെന്ന് പറയുന്ന ബുദ്ധമതത്തിൽ ശ്രീബുദ്ധൻ തന്നെയാണ് ദൈവം. ആർ.എസ്. എസുകാർ അവരുടെ ഗുരുവായി കണ്ട ശ്രീ ഗോൾവാൾക്കറെ, പരമപൂജനീയ ശ്രീ ഗുരുജി എന്ന് സംബോധന ചെയ്യുന്നേടത്തുമുണ്ട് ഈ പൂജാമനസ്ഥിതി. എല്ലാ അർഥത്തിലും ഒരു രാഷ്ട്രീയ നേതാവ് മാത്രമായിരുന്ന ശ്രീമതി ഇന്ദിരാഗാന്ധിയുടെ പ്രതിമകൾ സ്ഥാപിക്കാനും അവരുടെ ചരമദിനത്തിൽ ഉപവാസവും പൂജകളും പ്രാർഥനാലാപങ്ങളും സംഘടിപ്പിക്കാനും അനുയായികൾ അഭിനിവേശം കാണിക്കുമ്പോൾ പ്രകടമാവുന്നത് വിഗ്രഹാരാധനയുടെ പ്രഥമ ഭാവങ്ങൾതന്നെ. ഒരു ജാതി, ഒരു മതം, ഒരു ദൈവം എന്നുൽഘോഷിച്ച ശ്രീനാരായണഗുരു നാസ്തികനായിരുന്നു എന്നുവരെ സിദ്ധാന്തിക്കുന്നവരുണ്ട്. പറഞ്ഞിട്ടെന്ത് കാര്യം? ഇന്നദ്ദേഹം അനുയായികളെ സംബന്ധിച്ചേടത്തോളം 'ഗുരുദേവനാണ്.' ദൈവതുല്യനായി അദ്ദേഹം ആരാധിക്കപ്പെടുകയും ചെയ്യുന്നു. അരുവിപ്പുറം പ്രതിഷ്ഠാ ശതാബ്ധി യാഘോഷങ്ങൾ ശരാശരി മതാഘോഷ പരിപാടികളിൽനിന്ന് ഒരു വ്യത്യസ്തതയും പുലർത്തുകയുണ്ടായില്ല.

## നബി രോഗം കണ്ടറിഞ്ഞു ചികിത്സിച്ചു

മനുഷ്യൻ മനുഷ്യന്റെ –അയാൾ എത്രവലിയ മഹാനായിരുന്നാലും– അടിമയോ പൂജകനോ ആയിക്കൂടാ. മനുഷ്യമാന്യതയുടെയും സമത്വത്തിന്റെയും പ്രാഥമിക താൽപര്യമാണത്. മാത്രമല്ല മനുഷ്യ ദൈവം എന്ന ആശയം പുരോഹിതന്മാരുടെ ഏറ്റവും വലിയ ചൂഷണ മാധ്യമവും വ്യാജദൈവങ്ങൾക്ക് പാമരജനങ്ങളെ ഊറ്റിക്കുടിക്കാൻ ഒന്നാംതരം അവസരം ഒരുക്കിക്കൊടുക്കുന്നതുമാണ്. ദൈവങ്ങളുടെയും സിദ്ധന്മാരുടെയും തീർഥാടന കേന്ദ്രങ്ങളുടെയും ഒരു പടതന്നെയുണ്ടല്ലോ നമ്മുടെ രാജ്യത്ത്. വിദ്യാഭ്യാസവും സംസ്കാരവും വളരുന്തോറും ഈ അന്ധവിശ്വാസങ്ങൾ വ്യവസായവൽക്കരിക്കപ്പെടുകയാണ് ചെയ്യുന്നത്.

ഈ രോഗത്തിന്റെ യഥാർഥ ബീജങ്ങൾ ശരിയാംവണ്ണം കണ്ടെത്തി ഫലപ്രദമായി ചികിത്സിച്ച പ്രവാചകനാണ് മുഹമ്മദ് നബി(സ). ഒന്നാമതായദ്ദേഹം തന്നിൽനിന്ന് തന്നെ തുടങ്ങി. താൻ ദൈവമോ ദൈവപുത്രനോ ദിവ്യത്വത്തിന്റെ എന്തെങ്കിലും അംശമുള്ളവനോ അല്ലെന്നും, ദൈവത്തിന്റെ ദൂതനായ വെറും അടിമ മാത്രമാണെന്നും അടിക്കടി ഉദ്ബോധിപ്പിച്ചു അദ്ദേഹം. തന്റേതുൾപ്പെടെ ആരുടെയും ഖബ്റുകൾ പണിതുയർത്താനോ തീർഥാടന കേന്ദ്രമാക്കാനോ അനുവദിച്ചില്ല. വിഗ്രഹങ്ങളും പ്രതിമകളും നിർമിക്കുന്നത് കർശനമായി വിലക്കി. ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ ബഹുദൈവ വിശ്വാസത്തിന്റെ ദൗർബല്യങ്ങൾ പുറത്ത് വരാതിരിക്കാൻ ശ്മശാനം സന്ദർശിക്കുന്നത് പോലും നബി(സ) നിരോധിച്ചിരുന്നു. ഏകദൈവ വിശ്വാസം മനസ്സുകളിൽ അടിയുറച്ച ശേഷമാണ് അദ്ദേഹം അതിനനുവദിച്ചത്. ഏകദൈവ വിശ്വാസത്തിന് നിരക്കാത്ത നാമങ്ങൾ മനുഷ്യർക്കിടുന്നത് പ്രവാചകൻ അംഗീകരിച്ചില്ല. ആളുകൾ തന്നെ കാണുമ്പോൾ ബഹുമാന സൂചകമായി എഴുന്നേൽക്കണമെന്ന ആഗ്രഹം പോലും ആർക്കും ഉണ്ടാവരുതെന്നായിരുന്നു അദ്ദേഹത്തിന്റെ ശാസന. പൗരോഹിത്യം എന്ന തസ്തിക തന്നെ ഇസ്‌ലാമിലില്ലെന്ന് പ്രഖ്യാപിച്ച പ്രവാചകൻ ഇതര മതസ്ഥർ ചോദ്യം കൂടാതെ പുരോഹിതന്മാരുടെ കൽപനകളെ അനുസരിക്കുന്നത് അവരെ ദൈവങ്ങളാക്കുന്നതിന് തുല്യമാണെന്നാണ് പഠിപ്പിച്ചത്.

മനുഷ്യ സ്വാതന്ത്ര്യത്തിന് പരമാവധി വിലകൽപിച്ച പ്രവാചകൻ അക്കാരണത്താൽ തന്നെ മനുഷ്യൻ മനുഷ്യന്റെ ദൈവമാകരുതെന്ന് ശഠിച്ചത് സ്വാഭാവികമായിരുന്നു എന്ന് വ്യക്തമായി. അതുകൊണ്ടാണ് വ്യക്തിപൂജക്കും വിഗ്രഹാരാധനക്കുമെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനം അദ്ദേഹം സ്വീകരിച്ചത്. പക്ഷേ, ബിംബപൂജ എത്രതന്നെ അബദ്ധവും വഴിപിഴച്ചതുമാണെങ്കിലും വിഗ്രഹാരാധകരുടെ വികാരങ്ങളെ വ്രണപ്പെടുത്താൻ ഇസ്‌ലാം അനുവദിച്ചിട്ടില്ല. 'അല്ലാഹുവിനെ കൂടാതെ അവർ ആരാധിക്കുന്നവയെ നിങ്ങൾ ശകാരിക്കരുത്' (6:108)

**താൻ ദൈവമോ ദൈവപുത്രനോ ദിവ്യത്വത്തിന്റെ എന്തെങ്കിലും അംശമുള്ളവനോ അല്ലെന്നും, ദൈവത്തിന്റെ ദൂതനായ വെറും അടിമ മാത്രമാണെന്നും അടിക്കടി ഉദ്ബോധിപ്പിച്ചു അദ്ദേഹം. തന്റേതുൾപ്പെടെ ആരുടെയും ഖബ്റുകൾ പണിതുയർത്താനോ തീർഥാടന കേന്ദ്രമാക്കാനോ അനുവദിച്ചില്ല. വിഗ്രഹങ്ങളും പ്രതിമകളും നിർമിക്കുന്നത് കർശനമായി വിലക്കി. ഇസ്‌ലാമിന്റെ ആദ്യഘട്ടത്തിൽ ബഹുദൈവ വിശ്വാസത്തിന്റെ ദൗർബല്യങ്ങൾ പുറത്ത് വരാതിരിക്കാൻ ശ്മശാനം സന്ദർശിക്കുന്നത് പോലും നബി(സ) നിരോധിച്ചിരുന്നു.**

എന്നാണ് ഖുർആന്റെ ഉദ്ബോധനം. പതിമൂന്നു വർഷത്തെ മക്കാജീവിതത്തിൽ ഒരിക്കലും പ്രവാചകൻ വിഗ്രഹങ്ങളെ അവഹേളിക്കുകയോ തകർക്കുകയോ ഉണ്ടായില്ല. പിൽക്കാലത്ത് മക്ക പൂർണമായി ഇസ്‌ലാമിന്റെ ആധിപത്യത്തിൽ വരികയും വിഗ്രഹാരാധകരിൽ ഒരാൾ പോലും ബാക്കിയില്ലാതാവുകയും ചെയ്ത ശേഷമാണ് മുൻ വിഗ്രഹപൂജകരെത്തന്നെ പറഞ്ഞയച്ചു പ്രവാചകൻ വിഗ്രഹധ്വംസനം നടത്തിയത്. കേവലം ചരിത്രാവശിഷ്ടങ്ങളായി പോലും ബിംബങ്ങളെ അവശേഷിപ്പിച്ചാൽ ദുർബല മനസ്സുകളിൽ ബഹുദൈവാരാധനയുടെ ബീജങ്ങൾ പുനർജീവിക്കാനുള്ള സാധ്യത അദ്ദേഹം ദീർഘദർശനം ചെയ്തിരുന്നു. എപ്പോഴോ എവിടെയോ പ്രത്യക്ഷപ്പെടുന്ന ഒരു ശിവലിംഗം ഇന്ത്യൻ സമൂഹത്തിൽ സൃഷ്ടിക്കുന്ന കുഴപ്പങ്ങളും കലാപങ്ങളും നമുക്ക് സുപരിചിതമാണല്ലോ. ●